(എ) മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിൽ വാഹനങ്ങളുടെ എണ്ണത്തിന് അനുപാതമായിട്ടാണോ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ തസ്തിക നിശ്ചയിക്കുന്നത്;

(ബി) എങ്കിൽ എത്ര വാഹനങ്ങൾക്കാണ് ഒരു അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തിക നിശ്ചയിക്കുന്നത്;

(സി) ഇപ്പോൾ സംസ്ഥാനത്ത് എത്ര അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ സേവനമനുഷ്ഠിക്കുന്നുണ്ട്;

(ഡി) കുറവുള്ള അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ ജോലികൾ ഇപ്പോൾ ആരെക്കൊണ്ടാണ് ചെയ്യിക്കുന്നത്;

(ഇ) ഒഴിവുള്ള എ.എം.വി.ഐ. തസ്തികയിലേക്ക് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വാഹനങ്ങളുടെ എണ്ണത്തിന് അനുപാതമായിട്ട് ഇതുവരെ തസ്തിക നിശ്ചയിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) 131

(ഡി) നിലവിലുള്ള സ്റ്റാഫ് ആണ് ചെയ്യുന്നത്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

120 (1569) മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറുടെ ഒഴിവ്

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വെഹിക്കിൾസ് വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറുടെ എത്ര ഒഴിവുകളുള്ളതായാണ് പി.എസ്.സി. യെ അറിയിച്ചിരുന്നത്;

(ബി) അതിനുശേഷം പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളുണ്ടായി;

(സി) ഇപ്പോൾ പ്രസ്തുത പോസ്റ്റിൽ എത്ര ഒഴിവുകളുണ്ട്;

(ഡി) പ്രസ്തുത പോസ്റ്റിൽ നിയമിക്കപ്പെടുന്നതിന് യോഗ്യതയുള്ളവരുടെ ലിസ്റ്റ് പി.എസ്.സി. തയ്യാറാക്കിയത് എന്നാണ്;

(ഇ) ഈ ലിസ്റ്റിൽ നിന്ന് എത്ര പേരെ നിയമിച്ചു;

(എഫ്) ആരെയും നിയമിച്ചില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ജി) ഇപ്പോൾ നിലവിലുള്ള ഒഴിവുകളിൽ ഉടനടി നിയമനം നടത്തുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 60 ഒഴിവുകൾ.

(ബി) 28 ഒഴിവുകൾ ഉണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(സി) 64 ഒഴിവുകൾ.

(ഡി) 19.09.98-ൽ തയ്യാറാക്കി.

(ഇ) ആരെയും നിയമിച്ചിട്ടില്ല. നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) പി.എസ്.സി. യിൽ നിന്നും അഡ്വൈസ് മെമ്മോ (Advice Memo) ലഭ്യമായിട്ടില്ല.

(ജി) നിയമനം നടത്തുന്നതിന് ഉദ്യോഗാർത്ഥികളെ അഡ്വൈസ് (Advice)ചെയ്യുവാൻ പി.എസ്.സി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

121 (1570) അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ നടത്തിയ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ട് എത്ര കാലമായി;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(സി) എ.എം.വി.ഐ. യുടെ എത്ര ഒഴിവുകൾ ഇപ്പോൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) റാങ്ക് ലിസ്റ്റിലുള്ള എല്ലാവരെയും നിയമിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 19.09.98-ൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

(ബി) ഇതുവരെ ആരെയും നിയമിച്ചിട്ടില്ല.

(സി) 64 ഒഴിവുകൾ

(ഡി)&(ഇ) ഒഴിവുകൾക്കനുസൃതമായി നിയമനം നടത്തുന്നതാണ്.

122 (1571) തിരൂരങ്ങാടി ജോയിന്റ് ആർ.ടി.ഒ. ഓഫീസ്

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്ക് രൂപീകരിച്ച് മുന്നു വർഷം കഴിഞ്ഞിട്ടും ജോയിന്റ് ആർ.ടി.ഒ.. ഓഫീസ് തുടങ്ങാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ ജോയിന്റ് ആർ.ടി.ഒ. ഓഫീസ് ഉടൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly